**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4970** **04-07-2024 - ൽ മറുപടിയ്ക്ക്**

**തോരായിക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പാലത്തിന് എത്ര മീറ്റർ അപ്രോച്ച് റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | തോരായിക്കടവ് പാലം നിർമ്മാണം എന്ന പദ്ധതിക്ക് 31/10/2016 തീയതിയിലെ G.O (Rt)No.1496/2016/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നല്കിയിട്ടുണ്ടായിരുന്നു. 04/02/2018 തീയതിയിൽ 14.90 കോടി രൂപയുടെ സാമ്പത്തികാനുമതിയും 26/02/2021 തീയതിയിൽ 18.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 28/01/2022 തീയതിയിൽ 21.61 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും 26/06/2023 തീയതിയിൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. നിലവിൽ 21% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പൂക്കോട് ഭാഗത്ത് 150 മീറ്ററും അത്തോളി ഭാഗത്ത് 100 മീറ്ററും നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പാലം കരാർ പ്രകാരം എപ്പോഴാണ് പൂർത്തീകരിക്കേണ്ടത്; നിർമ്മാണം കാലതാമസമില്ലാതെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കരാർ പ്രകാരം 04/01/2025 – ലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. നിർമ്മാണം കരാർ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനായി കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ